## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.95

11.06.2019-ൽ മറുപടിക്ക്

### ഓഖി ദുരന്തബാധിതരുടെ പുനരധിവാസം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.കൃഷ്ണൻ<br>,, ബി.സത്യൻ<br>,, കെ. ആൻസലൻ<br>ശ്രീമതി യു. പ്രതിഭ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായും അവരുടെ പുനരധിവാസത്തിനായും ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (എ) | 2017 നവംബർ 29, 30 തീയതികളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് സംസ്ഥാനത്ത് 143 മത്സ്യത്തൊഴിലാളികൾ മരിക്കുകയും/ കാണാതാകുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളിക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓഖി ദുരന്തബാധിതർക്കായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തു സഹായമാണ് ലഭിച്ചതെന്ന് അറിയിക്കാമോ; സമഗ്ര പുനരധിവാസത്തിന് സംസ്ഥാനം തയ്യാറാക്കിയ 7000 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും സഹായവാഗ്ദാനം ലഭിച്ചിട്ടുണ്ടോ; | (ബി) | സമഗ്ര പുനരധിവാസത്തിന് സംസ്ഥാന സർക്കാർ തയ്യാറാക്കിയ 7,340/-കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത പാക്കേജ് പ്രകാരമുള്ള ധനസഹായമൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് അടിയന്തര സഹായമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിലേയ്ക്ക് 111.7 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. |
| (സി) | തീരദേശസംരക്ഷണത്തിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പ്രകാരമുള്ള പദ്ധതികൾക്ക് പ്രാരംഭം കുറിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി 2000 കോടി രൂപയുടെ സമഗ്ര തീരദേശ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ആയതു പ്രകാരം പഠനം നടത്തുന്നത് TISS, IRMA എന്നീ സ്ഥാപനങ്ങൾ മുഖേനയാണ്. DPR തയ്യാറാക്കുന്നതിന് K.P.M.G യെ |

ചുമതലപ്പെടുത്തിയിട്ടുണ്ട്. TISS മുഖേനയുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. TISS, IRMA മുഖേനയുള്ള പഠനവും DPR തയ്യാറാക്കുന്നതും 6 മാസം കൊണ്ട് പൂർത്തീകരിച്ച് പദ്ധതികൾ ആരംഭിക്കുന്നതിനാണ് നടപടി സ്വീകരിച്ചു വരുന്നത്.

| | |
|---|---|
| (ഡി) തീരദേശത്ത് റോഡുകൾ, മത്സ്യമാർക്കറ്റുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നതിനും തദ്വാരാ വിപണന സാധ്യതയും മത്സ്യത്തിന് ന്യായ വിലയും ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിട്ട് ദേശീയ മത്സ്യവികസന ബോർഡ്/ കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 41 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി ലഭിച്ചു. ഇതിൽ 35 എണ്ണം പൂർത്തീകരിച്ചു. 2 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്, ഒരെണ്ണം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഒരു മത്സ്യമാർക്കറ്റ് നിർമ്മാണത്തിൽ കേസ് നിലനിൽക്കുന്നു. 2 എണ്ണത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും ലഭ്യമാകാത്തതിനാൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. <br><br> ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി |

ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്‌ലറ്റ് സംവിധാനവും ഉറപ്പാക്കിയി ട്ടുണ്ട്.

ഇതുകൂടാതെ കിഫ്ബിയിൽ നിന്നുള്ള ധനസഹായത്തോടെ 65 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ടി മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

- ഓഖി പുനരധിവാസ പദ്ധതികൾക്കായി 88.16 കോടി രൂപ ഫിഷറീസ് വകുപ്പിന് അനുദിച്ചിട്ടുണ്ട്.

- ഇതിൽ നാളിതുവരെയായി ഫിഷറീസ് വകുപ്പിന് 76.22 കോടി രൂപ ലഭ്യമായിട്ടുണ്ട്.

- മരിച്ചതും കാണാതായതും ആയ 143 മത്സ്യത്തൊഴിലാളികുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന 20 ലക്ഷം രൂപ വീതം അനുവദിച്ചു നൽകി. ഇതു കൂടാതെ 2 ലക്ഷം രൂപ വീതവും കുടുംബങ്ങൾക്ക് അനുവദിച്ചു.

- 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/-രൂപ വെച്ച് അടിയന്തര ധനസഹായം നൽകുന്നതിന് 22.78 കോടി രൂപ ചെലവഴിച്ചു.

- മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ചികിത്സാ ധനസഹായമായി 10,68,000/- രൂപ അനുവദിച്ചു നൽകി.

- ഓഖിയിൽ പൂർണ്ണമായും തകർന്ന 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ നിരക്കിൽ വീടും സ്ഥലവും നൽകുന്നതിന് 7.41 കോടി രൂപ അനുവദിച്ചു.

- ഓഖിയിൽ ഭാഗികമായി തകർന്ന 458 വീടുകളുടെ പുനരുദ്ധാരണത്തിനായി 2.04 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി.

- കടൽ രക്ഷാ പ്രവർത്തനത്തിന് മൂന്ന് മറൈൻ ആംബുലൻസിന് 18.24 കോടി രൂപയിൽ 7.36 കോടി രൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചു.

- മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് 367 പേർക്ക് 6.479 കോടി രൂപ ചിലവഴിച്ചു.
- 40,000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണത്തിന് 6.10 കോടി രൂപ അനുവദിച്ചു.

- 15,000 മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ നൽകുന്നതിന് 15.93 കോടി രൂപ അനുവദിച്ചു. ആദ്യഘട്ടമായി 5000 നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് കെൽട്രോണുമായി എഗ്രിമെന്റ് ഒപ്പുവെയ്ക്കുകയും ആയതനുസരിച്ച് കെൽട്രോൺ നിർമ്മിച്ചു നൽകുന്ന നാവിക് ഉപകരണത്തിന്റെ വിതരണം ജില്ലകളിൽ നടന്നു വരുന്നു.

- 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റ് ലൈറ്റ് ഫോൺ വിതരണത്തിനായി 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ-മായി ചേർന്ന് പദ്ധതി നടപ്പിലാക്കി വരുന്നു. സാറ്റ് ലൈറ്റ് ഫോൺ വിതരണം ജില്ലകളിൽ ആരംഭിച്ചു.

- കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക

പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. പദ്ധതി നടപ്പിലാക്കി വരുന്നു.

- ഓഖിയിൽ മരണമടഞ്ഞതും കാണാതായതും ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് (309 പേർ) സൗജന്യ വിദ്യാഭ്യാസവും വിദഗ്ദ്ധ പരിശീലനവും നൽകുന്നതിന് 13.92 കോടി രൂപ അനുവദിച്ചു. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

- ദുരന്ത ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് 120 എഫ്.ആർ.പി ബോട്ടുകൾ നൽകുന്നതിന് 7.94 കോടി രൂപ അനുവദിച്ചു.

- ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിലെ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് വിഴിഞ്ഞത്ത് സ്ഥാപിക്കുന്ന ആധുനിക ഭക്ഷ്യ സംസ്കരണ യൂണിറ്റ്, സീഫുഡ് കിച്ചൺ എന്നിവയ്ക്ക് 4 കോടി രൂപ അനുവദിച്ചു.

- ഓഖിയിൽ മരണമടഞ്ഞതും കാണാതായതും ആയ മത്സ്യത്തൊഴിലാളികളുടെ ഭാര്യമാരിൽ 42 പേർക്ക് (പത്താം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസമുള്ളതും 40 ഉം അതിൽ താഴെ വയസ്സുള്ളതും ആയ) മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. പത്താംതരത്തിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള 11 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ ലക്ഷ്യത്തോടെ കൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് ആഭ്യന്തര വകുപ്പ് മുഖേന നിയമന നടപടികൾ സ്വീകരിച്ചു

- ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും വായ്പ എഴുതി തള്ളുന്നതിന് തീരുമാനമാകുകയും 29/11/2017 ന് അടയ്ക്കാൻ ബാക്കിയുള്ള മുതൽ പൂർണ്ണമായും എഴുതിതള്ളുന്നതിനും കുടുംബാംഗങ്ങളെ വായ്പ വിമുക്തരാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു

സെക്ഷൻ ഓഫീസർ